**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**3846**

**20.07.2015** -ൽ
മറുപടിനൽകേണ്ടിരുന്നത്

## പോലീസ് ഐ. ജി. കോപ്പിയടിച്ച സംഭവം

ചോദ്യം
ശ്രീ. പി.കെ. ഗുരുദാസൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, എസ്. രാജേന്ദ്രൻ
,, കെ. ദാസൻ

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മഹാത്മാഗാന്ധി സർവ്വകലാശാല എൽ. എൽ. എം. പരീക്ഷയിൽ കോപ്പിയടി നടത്തിയതിന് ഒരു പോലീസ് ഐ. ജി. യെ ഇൻവിജിലേറ്റർ പിടികൂടുകയുണ്ടായിട്ടുണ്ടോ; ഇദ്ദേഹം ഈ സർവ്വകലാശാലയിൽ വിജിലൻസ് വിഭാഗത്തിൽ മുമ്പ്സേവനം അനുഷ്ഠിച്ചിരുന്നോ; വ്യക്തമാക്കാമോ; | (എ) | 2015 ഏപ്രിൽ/മേയ് മാസത്തിലെ എൽ. എൽ. എം. പരീക്ഷയിൽ കളമശ്ശേരി സെന്റ് പോൾസ് കോളേജ് സെന്ററിൽ പരീക്ഷ, ക്രമക്കേടിൽ ഉൾപ്പെട്ടതായി റിപ്പോർട്ടു ചെയ്യപ്പെട്ട വിദ്യാർത്ഥി പരീക്ഷയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ സമ്പർക്കത്തിനുള്ള മേൽവിലാസമായി രേഖപ്പെടുത്തിയിരുന്നത് ടി. ജെ. ജോസ് ഐ. പി. എസ്., ഡെപ്യൂട്ടി ഐ. ജി. തടത്തിലനിക്കൽ , ആറമട, തിരുവനന്തപുരം എന്നാണ്. ഇദ്ദേഹം മുൻപ് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ചീഫ് വിജിലൻസ് കം സെക്യൂരിറ്റി ഓഫീസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. |
| (ബി) | കോപ്പിയടി പിടിക്കപ്പെട്ടാൽ സർവ്വകലാശാല തലത്തിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കാറുള്ളത്; ഇക്കാര്യത്തിൽ അവ പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കോപ്പിയടി റിപ്പോർട്ട് ചെയ്യപ്പെട്ടാൽ 1997 ലെ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 6,സെക്ഷൻ 3 (XX), (XXI), (XXII) അനുസരിച്ചുള്ള നടപടിക്രമങ്ങളാണ് പാലിക്കാറുള്ളത്. പ്രാഥമികമായി പരീക്ഷ സെന്ററിൽ നിന്നും ഇൻവിജിലേറ്ററുടെയും ചീഫ് സൂപ്രണ്ടിന്റെയും റിപ്പോർട്ട് പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി സിൻഡിക്കേറ്റിനു സമർപ്പിക്കുകയാണ് നടപടി. ഈ കേസിൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് പോലീസ് വകുപ്പിന് വിവരം നൽകിയിരുന്നോ; | (സി) | പോലീസ് വകുപ്പിന് വിവരം നൽകിയില്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| (ഡി) | സർവ്വകലാശാലാ സിൻഡിക്കേറ്റ് ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നുണ്ടോ; സാധാരണയായി ഇത്തരം അന്വേഷണങ്ങൾ നടത്താറുള്ളതാണോ; ഇതു സംബന്ധിച്ചുള്ള കണ്ടെത്തലുകൾ എന്തായിരുന്നു; ശിക്ഷാനടപടികൾ എന്താണ്? | (ഡി) | സിൻഡിക്കേറ്റ് ഉപസമിതി അന്വേഷണം നടത്തുന്നുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ, വിഷയത്തിന്റെ ഗൗരവം അനുസരിച്ച്, സിൻഡിക്കേറ്റ് അന്വേഷണം നടത്താറുണ്ട്. ഈ കേസിൽ അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ ശിക്ഷാനടപടികൾ തീരുമാനിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**